MONDAY 17/03/2025 തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : Haripriya Devi VV (I/C)** **Editor : Dr. Binu Harriet Ivan**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 17/03/2025

1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽ, കേന്ദ്രാവിഷ്കൃത പദ്ധതിയായ അഗ്രികൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) പ്രോഗ്രാമിന് കീഴിൽ കരാർ അടിസ്ഥാനത്തിൽ സ്റ്റേറ്റ് കോർഡിനേറ്റർ തസ്തികയിലെ ഒരു ഒഴിവിലേക്ക് അപേക്ഷ ക്ഷണിക്കുന്നു (1 ഒഴിവ്). പ്രതിഫലം പ്രതിമാസം 50,000/- രൂപ കാലാവധി 1 വർഷം. കാർഷിക വിജ്ഞാന വ്യാപനം, അഗ്രോണമി, ഹോർട്ടികൾച്ചർ, സോയിൽ സയൻസ്, കാർഷിക സാമ്പത്തികശാസ്ത്രം, ഫിഷറീസ്, മറ്റ് അനുബന്ധ മേഖലകളിലെ ഡോക്ടറേറ്റ് അല്ലെങ്കിൽ ബിരുദാനന്തര ബിരുദം ആണ് യോഗ്യത. ഡോക്ടറേറ്റ് ഡിഗ്രി ഉള്ളവർക്ക് കോർഡിനേഷൻ, ആസൂത്രണം എന്നിവയിൽ കുറഞ്ഞത് 10 വർഷത്തെ പ്രവൃത്തി പരിചയവും. ബിരുദാനന്തര ബിരുദം ഉള്ളവർക്ക് 20 വർഷത്തെ പ്രവൃത്തി പരിചയവും ആവശ്യമാണ്. സർക്കാർ മേഖലയിലെ സേവന പരിചയം അഭിലഷണീയം. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വിശദമായ ബയോഡാറ്റ സഹിതം 20/03/2025 നകം ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം 695033, nodalatmakerala@gmail.com എന്ന ഇ -മെയിൽ id യിലേക്കും അപേക്ഷ സമർപ്പിക്കേണ്ടതാണ്. 58 വയസ്സിൽ താഴെ ഉള്ള അപേക്ഷകർക്ക് മുൻഗണന. യോഗ്യതയുള്ള ഉദ്യോഗാർത്ഥിയെ ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കുന്നതാണ്.

### പരിശീലന പരിപാടി

2. വെള്ളാനിക്കര കർഷകഭവനത്തിൽ 2025 മാർച്ച് 22 ന് രാവിലെ 10 മുതൽ വൈകുന്നേരം 4 വരെ **വളരുന്ന മൈക്രോഗ്രീൻസ്** എന്ന വിഷയത്തിൽ പരിശീലന പരിപാടി

സംഘടിപ്പിക്കുന്നു. താൽപ്പര്യമുള്ളവർ ഓഫീസ് നമ്പറായ 0487-2371104-ൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യുക രജിസ്ട്രേഷൻ സൗജന്യമാണ്. 30 സീറ്റുകൾ മാത്രം.

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) **"Organic Agricultural Management"** എന്ന ഓൺലൈന് പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈന് സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷന് ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : **2025 ഏപ്രിൽ 6**. കോഴ്സ് ആരംഭിക്കുന്ന തീയതി: **2025 ഏപ്രിൽ 7.** കൂടുതൽ വിവരങ്ങള് വെബ്സൈറ്റിൽ ലഭ്യമാണ്. സംശയങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 8547837256 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

**കാർഷിക നിർദേശം** -ചീരയിലെ ഇലപ്പുള്ളി രോഗത്തിനെതിരെ മഞ്ഞൾപ്പൊടി-സോഡാക്കാര മിശ്രിതം 5 ലിറ്റർ വെള്ളത്തിൽ 20 ഗ്രാം പാൽക്കായം ലയിപ്പിച്ച് അതിലേക്ക് 16 ഗ്രാം മഞ്ഞൾപ്പൊടിയും 8 ഗ്രാം സോഡാക്കാരവും ചേർത്തുണ്ടാക്കിയ മിശ്രിതം കലക്കുക. ഈ ലായനി അരിച്ചെടുത്ത് ഇലകളുടെ ഇരുവശത്തും പതിക്കുന്ന രീതിയിൽ തളിക്കുക.

പച്ചക്കറികൾക്കും വാഴയ്ക്കും ജലസേചനം നൽകുക. ഗ്രോ ബാഗുകളിലും തടങ്ങളിലും തൊണ്ട് അടുക്കുകയോ, കരിയിലയോ ചെറു കഷണങ്ങളാക്കിയ വാഴപ്പിണ്ടിയോ പുതയായി ഉപയോഗിക്കാം. ഇങ്ങനെ ചെയ്യുന്നതിനു ശേഷം നനയ്ക്കുന്നത്

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബാഷ്പീകരണം കുറയ്ക്കുകയും അതുവഴി ജല ഉപഭോഗം കുറയ്ക്കാനും സഹായിക്കുന്നു.

മച്ചിങ്ങയെ ബാധിക്കുന്ന കോറിഡ് ബഗ്ഗ്നു എതിരെ സ്പൈറോമെസിഫെൻ 8 മില്ലി 10ലിറ്റർ വെള്ളത്തിൽ നേർപ്പിച്ചുതളിക്കുക. പരാഗണംനടക്കുന്ന പൂങ്കുലയിൽ കിടനാശിനി വീഴരുത്.

വാഴയിൽ പിണ്ടിപ്പുഴുവിന്റെ ആക്രമണം നിയന്ത്രിക്കാൻ ഉണങ്ങിയ ഇലകൾ നീക്കം ചെയ്തു ക്ലോർപൈറിഫോസ് 2 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച പിണ്ടിയിൽ തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം